©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ജനുവരി 29<br>29th January 2019<br>1194 മകരം 15<br>15th Makaram 1194<br>1940 മാഘം 9<br>9th Magha 1940 | നമ്പർ<br>No. | 5 |

# PART III
# Co-operative Department

**കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്**

(ഹാജർ: ശ്രീ. എം. ബിനോയ് കുമാർ)

നമ്പർ എ.ഇ.എൽ./4184/2018. 2018 ഡിസംബർ 20.

വിഷയം:—സമാപ്തീകരണം—കെ. 795 കോട്ടയം താലൂക്ക് പ്രൈവറ്റ് മോട്ടോർ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം—രജിസ്ട്രേഷൻ റദ്ദുചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 15-7-2013-ലെ എ.ഇ.എൽ./9087/2017 നമ്പർ ഉത്തരവ്.

(2) ബഹു. സഹകരണസംഘം രജിസ്ട്രാറുടെ 9-7-2018-ലെ എ.ഇ.എൽ./5281/2018 നമ്പർ ഉത്തരവ്.

(3) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 30-11-2018-ലെ കെ. ആർ. 873/15 നമ്പർ കത്ത്.

(4) സംഘം ലിക്വിഡേറ്ററുടെ 23-11-2018-ാം തീയതിയിലെ 1-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ പ്രവർത്തിച്ചിരുന്ന കെ.795 കോട്ടയം താലൂക്ക് പ്രൈവറ്റ് മോട്ടോർ തൊഴിലാളി സഹകരണസംഘം പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. ടി സംഘം 2-9-1989-ൽ രജിസ്റ്റർ ചെയ്യുകയും 30-12-1989-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. 22-9-1990-ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരത്തിൽ വന്നെങ്കിലും ടി ഭരണസമിതിയുടെ കാലാവധിക്കുശേഷം സംഘം പിന്നീട് തെരഞ്ഞെടുപ്പ് നടത്തുകയോ പ്രവർത്തനം നടത്തുകയോ ചെയ്തിട്ടില്ലാത്തതുമാണ്. 25 വർഷത്തോളം യാതൊരു പ്രവർത്തനവും നടക്കാതിരുന്നതിനെ തുടർന്ന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കുമരകം യൂണിറ്റ് ഇൻസ്പെക്ടർ സഹകരണനിയമം വകുപ്പ് 66 (1) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാവുകയും ചെയ്തു. ടി സംഘത്തിൽ 4-3-2015-ലെ എ.ഇ.എൽ./3020/2013 നമ്പർ ഉത്തരവ് പ്രകാരം കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കുമാരനെല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ ലിക്വിഡേറ്ററായി ചാർജ്ജെടുക്കുകയും

ലിക്വിഡേഷൻ നടപടികൾ നടത്തിവരുകയും ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതിനെ തുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) പ്രകാരം അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചിരിക്കുന്നു. ടി സംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച് നാളിതുവരെയുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി 8-8-2010-ൽ ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തി. ക്ലെയിം നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. സംഘത്തിന്റെ അവസാനം നടന്ന ഓഡിറ്റ് 1997-98 വർഷത്തിലാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും സംഘത്തിന് ഗവൺമെന്റ് കുടിശ്ശിക ഇല്ലാത്തതാണ്. ജില്ലാ സഹകരണ ബാങ്കിലും സംഘത്തിന് വായ്പകളോ നിക്ഷേപങ്ങളോ ഇല്ലാത്തതായി ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട് എന്ന് ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഫിലിയേഷൻ ഫീസിനത്തിൽ തിരിച്ചടവിന് ബാക്കി നിൽക്കുന്ന ` 315 അടച്ചു തീർത്തിട്ടുള്ളതാണ്. തുടർന്ന് ലിക്വിഡേറ്റർ ചാർജെടുത്ത തീയതിയിലെ ബാക്കിപത്ര പ്രകാരമുള്ള ആസ്തി ബാദ്ധ്യതകളിൽ ലിക്വിഡേറ്റർക്ക് ഈടാക്കിയെടുക്കാൻ സാധിക്കാത്ത ആസ്തികൾ എഴുതിത്തള്ളിയും ബാദ്ധ്യതകൾ കണ്ടുകെട്ടിയും 18-7-2018-ൽ എ.ഇ.എൽ./3020/2013 നമ്പരായി കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവ് പുറപ്പെടുവിച്ചു. സംഘത്തിന്റെ അന്തിമ പൊതുയോഗം 10-11-2018-ൽ നടത്തിയിട്ടുള്ളതാണ്. ടി സംഘത്തിന്റെ ലിക്വിഡേറ്ററുടെ നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകളും ബന്ധപ്പെട്ട രേഖകളും എ. ഇ. എൽ. ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളതാണ്. ബഹു. സഹകരണസംഘം രജിസ്ട്രാറുടെ 9-7-2018-ലെ AEL/5281/2018-ാം നമ്പർ ഉത്തരവ് പ്രകാരം സംഘം ലിക്വിഡേറ്റർക്ക് 3-3-2019 വരെ കാലാവധിയുണ്ട്. ടി സംഘത്തിന്റെ ലിക്വിഡേറ്റർ ചാർജ് എടുത്ത തീയതിയിലെ ബാക്കിപത്രം, നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകൾ, ഇപ്പോഴത്തെ ബാക്കിപത്രം എന്നിവ താഴെ പറയും പ്രകാരമാണ്.

ലിക്വിഡേറ്റർ ചാർജ് എടുത്ത തീയതിയിലെ ബാക്കിപത്രം

| ബാദ്ധ്യതകൾ | തുക ` | ആസ്തികൾ | തുക ` |
|---|---|---|---|
| ഷെയർ വ്യക്തികൾ | 8662.00 | നീക്കിയിരിപ്പ് തുക | 7.50 |
| പിഴപ്പലിശ-യു. കെ. തങ്കപ്പൻ | 3521.25 | ബാങ്കിൽ | 307.00 |
| ബാങ്ക് ഡെപ്പോസിറ്റ് റിസർവ് | 141.00 | മറ്റ് സ്ഥാപനങ്ങളിലെ ഓഹരികളിൽ | 100.00 |
| റിസർവ്വ് മിസ്സിംഗ് | 62.00 | പലവക | 3521.25 |
| തൻചെലവ് | 315.00 | സംഘത്തിനു വരേണ്ടവ | 8374.30 |
| അഡ്വാൻസുകൾ സംഘത്തിൽ നിന്നും കൊടുക്കേണ്ടവ | 965.50 | അറ്റനഷ്ടം | 1356.70 |
| ആകെ | 13,666.75 | ആകെ | 13,666.75 |

നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| ബാങ്കിൽ നിന്നും പിൻവലിച്ചത് | 307.00 | ബാങ്ക് ചാർജ് | 307 |
| അഡ്വാൻസ് | 315.00 | പലവക | 7. 50 |
| | | അഫിലിയേഷൻ ഫീസ് | 315.00 |
| ആകെ | 622.00 | ആകെ | 629.50 |
| മുന്നിരുപ്പ് | 7.50 | നീക്കിയിരിപ്പ് | 0.00 |
| ആകെ | 629.50 | ആകെ | 629.50 |

ഇപ്പോഴത്തെ ബാക്കി പത്രം

| ബാധ്യതകൾ | തുക ` | ആസ്തികൾ | തുക ` |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതിനെ തുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) പ്രകാരം കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ സഹിതം അപേക്ഷ ഈ ഓഫീസിൽ സമർപ്പിച്ചു. മേൽ സാഹചര്യത്തിൽ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതായി എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ കെ. 795 കോട്ടയം താലൂക്ക് പ്രൈവറ്റ് മോട്ടോർ തൊഴിലാളി സഹകരണസംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

കെ. 795 കോട്ടയം താലൂക്ക് പ്രൈവറ്റ് മോട്ടോർ തൊഴിലാളി സഹകരണസംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കോട്ടയം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

നമ്പർ ഒ.-1214/2018/ആർ.ഡിസ്. 2018 ഡിസംബർ 12.

1969-ലെ കേരള സഹകരണ സംഘം ആക്ട് (1969-ലെ 21-ാം നമ്പർ ആക്ട്) 7-ാം വകുപ്പനുസരിച്ച് എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സാക്ഷ്യപ്പെടുത്തുന്നതെന്തെന്നാൽ തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ (തപാലാഫീസ് ചാവക്കാട്.) തൃശ്ശൂർ ജില്ല ഗ്യാസ് ഏജൻസി തൊഴിലാളി സഹകരണസംഘം ക്ലിപ്തം ഇന്നേ ദിവസം പ്രസ്തുത ആക്ട് അനുസരിച്ച് ക്ലിപ്തബാധ്യതയോടുകൂടിയ ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത വകുപ്പനുസരിച്ച് മേൽപ്പറഞ്ഞ സംഘത്തിന്റെ നിബന്ധനകളും രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു.

തരംതിരിച്ചുള്ള പട്ടിക

1. സംഘത്തിന്റെ നമ്പരും പേരും—ആർ. 1533, തൃശ്ശൂർ ജില്ല ഗ്യാസ് ഏജൻസി തൊഴിലാളി സഹകരണസംഘം ക്ലിപ്തം.
2. രജിസ്റ്റർ ചെയ്ത തീയതി—12-12-2018.
3. മേൽവിലാസം—തൃശ്ശൂർ ജില്ല ഗ്യാസ് ഏജൻസി തൊഴിലാളി സഹകരണസംഘം ക്ലിപ്തം നമ്പർ ആർ. 1533, പി. ഒ. ചാവക്കാട്.
4. പ്രവർത്തന പരിധി—തൃശ്ശൂർ ജില്ല.
5. ബാധ്യത—ക്ലിപ്തം.
6. പ്രധാന ഉദ്ദേശ്യം—അംഗങ്ങളുടെ ഉന്നമനവും സാമൂഹ്യക്ഷേമവും.
7. അംഗീകൃത ഓഹരി മൂലധനം—

| | | |
|---|---|---|
| 'എ' ക്ലാസ് | 250 × 15000 = | ` 37,50,000 |
| 'ബി' ക്ലാസ് | 500 × 1500 = | ` 7,50,000 |
| 'സി' ക്ലാസ് | 50 × 10000 = | ` 5,00,000 |
| | ആകെ | ` 50,00,000 |

8. സംഘത്തിന്റെ തരം—സഹകരണ ചട്ടം 15-12(1) സാമൂഹ്യക്ഷേമം.
9. പരമാവധി വാങ്ങാവുന്ന കടം—പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെയും കരുതൽ ധനത്തിന്റെയും ആകെ തുകയുടെ 150 മടങ്ങായിരിക്കും.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, തൃശ്ശൂർ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇൻ-ചാർജ്ജ്.

## കോഴിക്കോട് ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : കെ. ഉദയഭാനു)

നമ്പർ എ.ഇ.എൽ./3617/18/കെ. ഡിസ്. 2018 ഡിസംബർ 31.

വിഷയം :—സമാപ്തീകരണം—കോഴിക്കോട് ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം ക്ലിപ്തം നമ്പർ ഡി. 2617 രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന :—(1) ഈ ആഫീസിലെ 4-5-2000-ാം തീയതിയിലെ സി. എസ്. 3143/18-ാം നമ്പർ ഉത്തരവ്.

(2) കേരള സംസ്ഥാന സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രഡിറ്റ്)-ടെ 4-8-2018-ാം തീയതിയിലെ എ. ഇ. എൽ. 4012/18 നമ്പർ കത്ത്.

(3) സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വടകരയുടെ 29-10-2018-ാം തീയതിയിലെ 754/2018/ബി നമ്പർ കത്ത്.

(4) ഈ ഓഫീസിലെ 29-12-2018-ാം തീയതിയിലെ എ. ഇ. എൽ. ഓഡിറ്റ് റിപ്പോർട്ട്.

നമ്പർ ഡി. 2617 കോഴിക്കോട് ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം 4-5-1994-ന് രജിസ്റ്റർ ചെയ്യുകയും 9-6-1994-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തെങ്കിലും സംഘത്തിന്റെ നിയമാവലിയിൽ പ്രതിപാദിച്ച ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സംഘത്തിന് പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും 30-12-1997 മുതൽ സംഘം അഡ്മിനിസ്ട്രേറ്ററുടെ കീഴിലാണെന്നും സംഘം പ്രവർത്തനം തുടർന്ന് നടത്തുവാൻ സാദ്ധ്യതയില്ലെന്നും വകുപ്പ് 66 പ്രകാരമുള്ള പരിശോധനയിലൂടെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വടകര റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം 4-5-2000-ാം തീയതിയിൽ കോഴിക്കോട് ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം ക്ലിപ്തം നമ്പർ ഡി. 2617 സമാപ്തീകരിക്കുന്നതിന് ഉത്തരവായി. സമാപ്തീകരണവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിലെ പ്രവർത്തനം പൂർത്തീകരിക്കുന്നതോടൊപ്പം സംഘം ലിക്വിഡേറ്ററുടെ

കാലാവധിയും യഥാവിധി ദീർഘിപ്പിച്ചുത്തരവാകുകയും ആയത് പ്രകാരം 3-5-2019 വരെ സൂചന (2) പ്രകാരം സംഘം ലിക്വിഡേറ്ററുടെ കാലാവധി ദീർഘിപ്പിച്ചുത്തരവായിട്ടുണ്ട്. തുടർന്ന് സംഘം ലിക്വിഡേറ്റർ സൂചന (3) പ്രകാരം സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) വടകര മുഖേന സമർപ്പിച്ച റിപ്പോർട്ട് പ്രകാരം മേൽ സംഘത്തിന്റെ സമാപ്തീകരണവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചതായും സംഘം ലിക്വിഡേറ്ററുടെ വരവ്-ചെലവ് കണക്ക് എ. ഇ. എൽ. ഓഡിറ്റിന് സമർപ്പിക്കുകയും സമാപ്തീകരണവുമായി ബന്ധപ്പെട്ട അന്തിമ ഉത്തരവാക്കുന്നതിനായി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന (4) പ്രകാരമുള്ള എ. ഇ. എൽ. ഓഡിറ്റ് പൂർത്തീകരിക്കുകയും സംഘത്തിന് ഇന്നേ തീയതിയിൽ യാതൊരുവിധ ആസ്തി-ബാധ്യതയും നിലവിലില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കോഴിക്കോട് ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം ക്ലിപ്തം നമ്പർ ഡി. 2617 4-5-1994-ന് രജിസ്റ്റർ ചെയ്യുകയും 9-6-1994-ന് പ്രവർത്തനം ആരംഭിക്കുകയും 30-12-1997 മുതൽ പ്രവർത്തനരഹിതവുമാണ്. സംഘത്തെ പ്രവർത്തനക്ഷമമാക്കുന്നതിന് യാതൊരുവിധ സാദ്ധ്യതയുമില്ലെന്ന് കണ്ടതിനാലും കേരള സഹകരണനിയമം വകുപ്പ് 74 പ്രകാരം കോഴിക്കോട് ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം ക്ലിപ്തം നമ്പർ ഡി. 2617-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. സംഘം ലിക്വിഡേറ്റർ സംഘത്തിന്റെ രേഖകൾ നിയമാനുസൃതം സൂക്ഷിക്കേണ്ടതും തുടർന്ന് ഈ ഓഫീസിന്റെ മുൻ അനുവാദത്തോടെ നശിപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കോഴിക്കോട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## വയനാട് ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

[ഹാജർ : ശ്രീ. പി. റഹീം]

നമ്പർ എ. ഇ. എൽ./3580/2017. 2018 ഡിസംബർ 7.

വിഷയം :—ലിക്വിഡേഷൻ—വിളമ്പുകണ്ടം ഏരിയാ എസ്റ്റേറ്റ് എംപ്ലോയീസ് കൺസ്യൂമർ സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ ഡബ്ളിയു. 124—അന്തിമ സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :— (1) ഈ ഓഫീസിലെ 23-11-2017-ലെ ഇതേ നമ്പർ ഉത്തരവ്.

(2) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 27-10-2018-ാം തീയതിയിലെ 1872/2017 നമ്പർ കത്തും ലിക്വിഡേറ്ററുടെ നടപടിക്രമവും

സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലായ അഞ്ചുകുന്ന് വില്ലേജിൽ വിളമ്പുകണ്ടം ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന വിളമ്പുകണ്ടം ഏരിയ എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണസംഘം പ്രവർത്തനരഹിതമായതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചു ഉത്തരവായിരുന്നു. ലിക്വിഡേറ്റർ 20-12-2017-ൽ ചാർജ്ജ് ഏറ്റെടുത്തു. ചാർജ്ജ് ഏറ്റെടുക്കുമ്പോൾ സംഘത്തിന്റെ യാതൊരു രേഖകളും ലിക്വിഡേറ്റർക്ക് ലഭ്യമായിരുന്നില്ല. ലിക്വിഡേറ്റർ സംഘത്തിന്റെ അവസാന ആഡിറ്റ് സർട്ടിഫിക്കറ്റ് (2006-07) പ്രകാരമുള്ള കടധന പട്ടിക തയ്യാറാക്കി. ചാർജ്ജ് ഏറ്റെടുത്ത കാലത്തെ ബാക്കിപത്രം താഴെ പറയും പ്രകാരമാണ്.

| ബാധ്യതകൾ | തുക ` | ആസ്തികൾ | തുക ` |
|---|---|---|---|
| ഓഹരി-എ ക്ലാസ് | 10060.00 | ബാക്കി നിൽപ്പ് കൈവശം | 27.00 |
| തേയ്മാന ഫണ്ട് | 7000.00 | ഫർണീച്ചർ | 7000.00 |
| സിൽബന്തി ചെലവും തൻ ചെലവും | 2024.00 | ബാങ്കിൽ | 2751.00 |
| അഡ്വാൻസുകൾ സംഘം കൊടുക്കേണ്ടവ | 56531.00 | നീക്കിയിരിപ്പ് ചരക്ക് | 363.00 |
| | | മറ്റു സ്ഥാപനങ്ങളിലെ ഓഹരി | 500.60 |
| | | സംഘത്തിന് വരേണ്ടവ | 297.00 |
| | | അറ്റ നഷ്ടം | 64676.40 |
| ആകെ | 75615.00 | ആകെ | 75615.00 |

ആയത് പ്രകാരം ലിക്വിഡേറ്റർ ക്ലെയിം നോട്ടീസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. നിർദ്ദിഷ്ട കാലയളവിൽ ആരും തന്നെ ക്ലെയിം ഉന്നയിച്ചു വന്നിട്ടില്ല. ലിക്വിഡേറ്ററുടെ പേരിൽ വയനാട് ജില്ലാ സഹകരണ ബാങ്ക് മാനന്തവാടി ശാഖയിൽ ഒരു സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കുകയും സംഘത്തിന്റെ പേരിലുണ്ടായിരുന്ന ജില്ലാ സഹകരണ ബാങ്ക് കൽപ്പറ്റ ടൗൺ ബ്രാഞ്ചിലെയും കമ്പളക്കാട് ശാഖയിലെയും തുകകൾ ടി ലിക്വിഡേറ്ററുടെ അക്കൗണ്ടിലേക്ക് മാറ്റി വരവ് വച്ചു.

സംഘത്തിന്റെ ഒടുവിലത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് (2006-07) പ്രകാരം ജില്ലാ സഹകരണ ബാങ്കിൽ ` 500 ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘത്തിന്റേതായിട്ടുണ്ടായിരുന്നു. ആയത് തിരികെ ലഭിക്കുന്നതിന് അപേക്ഷിച്ചതിൽ ടി മൊത്ത വ്യാപാര സഹകരണസംഘത്തിന് സംഘം നേരത്തെ സാധനങ്ങൾ വാങ്ങിയ വകയിൽ ` 11,380 കൊടുക്കാനുണ്ടെന്ന് അറിയിച്ചു. എന്നാൽ സംഘത്തിന് ആയത് കൊടുത്തു തീർക്കാൻ യാതൊരു പ്രാപ്തിയും ഇല്ല.

ലിക്വിഡേറ്ററുടെ അപേക്ഷ പ്രകാരം ഈ ഓഫീസിലെ 12-9-2018-ലെ എ. ഇ. എൽ./3580/2017 നമ്പർ ഉത്തരവ് പ്രകാരം ലിക്വിഡേറ്റർക്ക് പിരിച്ചെടുക്കാൻ സാധിക്കാത്ത താഴെ പറയുന്ന ആസ്തികൾ എഴുതി തള്ളുന്നതിനും കൊടുത്തു തീർക്കാൻ സാധിക്കാത്ത ബാദ്ധ്യതകൾ കണ്ട് കെട്ടുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

| ബാധ്യതകൾ | തുക ` | മുതൽ | തുക ` |
|---|---|---|---|
| എ ക്ലാസ് ഓഹരി | 10060.00 | ആഡിറ്റ് റിപ്പോർട്ട് പ്രകാരം ബാക്കി നിൽപ്പ് തുക | 27.00 |
| തേയ്മാന ഫണ്ട് | 7000.00 | ഫർണീച്ചർ | 7000.00 |
| സിൽബന്തി ചെലവും തൻ ചെലവും | 2024.00 | നീക്കിയിരുപ്പ് ചരക്ക് | 363.60 |
| അഡ്വാൻസുകൾ സംഘം കൊടുക്കേണ്ടവ | 56531.00 | അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ | 297.00 |
| | | അറ്റ നഷ്ടം | 64676.40 |
| ആകെ | 75615.00 | ആകെ | 72364.00 |

ലിക്വിഡേറ്റർ സംഘം അന്തിമ പൊതുയോഗം 25-10-2018-ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ വച്ച് വിളിച്ചുചേർത്തതിൽ ആരും തന്നെ പങ്കെടുത്തില്ല. യോഗത്തിൽ ലിക്വിഡേറ്റർ നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ലിക്വിഡേഷൻ കാലയളവിലെ വരവ് ചെലവ് കണക്കുകൾ താഴെ പറയുന്ന പ്രകാരമാണ്. സംഘത്തിൽ യാതൊരു ആസ്തികളും ബാദ്ധ്യതകളും ബാക്കി നിൽക്കുന്നില്ല.

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| ബാങ്കിൽ നിന്നും പിൻവലിച്ച ഓഹരി തുക | 3298.00 | | |
| | | ലിക്വിഡേഷൻ കോസ്റ്റ് | 162.00 |
| | | ലിക്വിഡേഷൻ ഫണ്ട് | 487.00 |
| | | കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് സംഭാവന | 2649.00 |
| ആകെ | 3298.00 | ആകെ | 3298.00 |

ലിക്വിഡേറ്ററുടെ കണക്കുകൾ ഈ ഓഫീസിലെ എ. ഇ. എൽ. ആഡിറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

സംഘം ലിക്വിഡേറ്ററുടെ സൂചന (2)-ലെ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ടും ക്ലിപ്തം നമ്പർ ഡബ്ളിയു 124 വിളമ്പുകണ്ടം ഏരിയ എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ സ്റ്റോർ സംഘത്തിൻെറ രജിസ്ട്രേഷൻ 1969-ലെ സഹകരണനിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ഇത് സംബന്ധിച്ചുള്ള രേഖകൾ ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ഓഫീസിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ നശിപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
കൽപ്പറ്റ, വയനാട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).